"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ അസി. എഞ്ചിനീയർ ആയ ശ്രീ.ബിനു.കെ-ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.435/2023/LSGD തീയതി, തിരുവനന്തപുരം, 20-02-2023

---

പരാമർശം:-
1) ശ്രീ.ബിനു.കെ സമർപ്പിച്ച 01.06.2022 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02.09.2022 ലെ E14-9175/2011/CE/LID & EW നമ്പർ കത്ത്.
3) കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ 28.06.2022 ലെ സി4-11013/2022 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വെച്ചൂർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീ. ബിനു. കെ. - യുടെ കിഡ്നി മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട തുടർ ചികിൽസയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ 24.03.2021-28.02.2022 കാലയളവിൽ ചെലവായ 89,505/- (എൺപത്തിഒൻപതിനായിരത്തി അഞ്ഞൂറ്റി അഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2 ) ശ്രീ. ബിനു. കെ.-യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 76,833/-(എഴുപത്തിആറായിരത്തി എണ്ണൂറ്റി മുപ്പത്തി മൂന്ന് രൂപ മാത്രം) ആണെന്ന് കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ വെച്ചൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബിനു. കെ. - യുടെ കിഡ്നി മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട തുടർ ചികിൽസയ്ക്ക് കൊച്ചി മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ 24.03.2021-28.02.2022 കാലയളവിൽ ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 8 0 % ആയ 61,466/- രൂപ (അറുപത്തിയൊന്നായിരത്തി നാന്നൂറ്റി

അറുപത്തിയാറ് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01–04–MR" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. ശ്രീ. ബിനു. കെ., അസിസ്റ്റന്റ് എഞ്ചിനീയർ

   (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന )
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് ( 03.02.2023 ലെ 2318830/Loans-L3/7/2023-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Subha S
Date: 20-02-2023 14:18:40